പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1254.

21.03.2013 ൽ മറുപടിക്ക്

## ഗ്യാസ് സിലിണ്ടർ വിതരണത്തിലെ ക്രമക്കേട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഗ്യാസ് സിലിണ്ടർ വിതരണത്തിൽ ഏജൻസികൾ ക്രമക്കേട് കാണിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്; |
| (ബി) | സബ്സിഡി സിലിണ്ടറും സബ്സിഡി ഇല്ലാത്ത ഗ്യാസ് സിലിണ്ടറും വിതരണം ആരംഭിച്ചതോടെ ഏജൻസികൾ ഉപഭോക്താക്കളെ വഞ്ചിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സബ്സിഡി സിലിണ്ടറുകളുടെ എണ്ണം കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയതിനെത്തുടർന്ന് സബ്സിഡി സിലിണ്ടറുകളുടെ ലഭ്യതയുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികൾ അദാലത്തുകൾ വഴിയും താലൂക്ക് സപ്ലൈ ഓഫീസുകൾ വഴിയും പരിഹരിച്ചു നൽകുന്നു. |
| (സി) | നിലവിൽ സബ്സിഡി നിരക്കിൽ എത്ര ഗ്യാസ് സിലിണ്ടറുകളാണ് ഒരു വർഷത്തേക്ക് ഒരു ഉപഭോക്താവിന് നൽകിവരുന്നത്; സബ്സിഡി ഗ്യാസ് സിലിണ്ടറിന്റെ വില എത്ര രൂപയാണ് ; | (സി) | നിലവിൽ ഒരു ഗാർഹിക ഉപഭോക്താവിന് ഒരു വർഷത്തേക്ക് 9 സബ്സിഡി സിലിണ്ടറുകളാണ് ലഭിക്കുന്നത്. ഗാർഹികാവശ്യത്തിനുള്ള സബ്സിഡി ഗ്യാസ് സിലിണ്ടറിന്റെ കൊച്ചിയിലെ വില 439/- രൂപയാണ്. |
| (ഡി) | സബ്സിഡിയില്ലാത്ത എത്ര ഗ്യാസ് സിലിണ്ടറുകളാണ് ഒരു വർഷത്തേക്ക് ഒരു ഉപഭോക്താവിന് ലഭിക്കുക; സബ്സിഡിയില്ലാത്ത ഗ്യാസ് സിലിണ്ടറിന്റെ വിലയെത്ര? | (ഡി) | സബ്സിഡിയില്ലാത്ത ഗ്യാസ് സിലിണ്ടറുകൾ ലഭിക്കുന്നതിന്റെ എണ്ണത്തിന് പരിധിയില്ല. സബ്സിഡിയില്ലാത്ത ഗ്യാസ് സിലിണ്ടറിന്റെ കൊച്ചിയിലെ നിലവിലെ വില 942/- രൂപയാണ്. |

| | | | |
|---|---|---|---|
| (ഇ) | ഗ്യാസ് സിലിണ്ടറുകൾ വീട്ടിൽ എത്തിക്കുന്നതിന് വിതരണ ഏജൻസികൾ അധിക തുക ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ആയത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ഇ) | വിതരണം ഏജൻസിയിൽ നിന്നും 5 കി.മീറ്ററിന് ഉള്ളിലാണെങ്കിൽ ഡെലിവറി ചാർജ്ജ് നല്കേണ്ടതില്ല. അതിൽ കൂടുതൽ ദൂരമുള്ള സ്ഥലങ്ങളിൽ ജില്ലാ അധികാരികൾ നിശ്ചയിക്കുന്ന ഡെലിവറി ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ലഭിക്കുന്ന പരാതികൾ ജില്ലാതലത്തിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. |
| (എഫ്) | ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുമ്പോൾ സിലിണ്ടറിന്റെ വില കൂടാതെ ട്രാൻസ്പോർട്ടിംഗ് ചാർജ്/ സർവ്വീസ് ചാർജ് എന്നിവ ഈടാക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (എഫ്) | വിതരണം ഏജൻസിയിൽ നിന്നും 5 കിലോമീറ്ററിന് ഉള്ളിലാണെങ്കിൽ യാതൊരുവിധ അധികചാർജ്ജും നല്കേണ്ടതില്ല. അതിൽകൂടുതൽ ദൂരമുള്ള സ്ഥലങ്ങളിൽ ജില്ലാ അധികാരികൾ നിശ്ചയിക്കുന്ന പ്രകാരം ട്രാൻസ്പോർട്ടിംഗ് ചാർജ്/ സർവ്വീസ് ചാർജ് എന്നിവ ഈടാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

൮